## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2273** **13-09-2023 - ൽ മറുപടിയ്ക്ക്**

## പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ കോടതികൾ ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ പട്ടിക പ്രകാരം കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹു. സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികളും പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികളും സ്ഥാപിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകിയത്. അതോടൊപ്പം, സബോർഡിനേറ്റ് കോടതികളിൽ പ്രവൃത്തി പഠനം നടത്തിയതിനെത്തുടർന്ന്, ആവശ്യമാണെന്ന് കണ്ടെത്തിയ അധിക തസ്തികകൾ അനുവദിക്കുന്നതിനും തീരുമാനിച്ചു. 56 അതിവേഗ പോക്സോ കോടതികളും രണ്ട് പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കോടതികളും സ്ഥാപിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകി നടപടികൾ സ്വീകരിച്ചത്. ഈ പ്രത്യേക കോടതികൾ സംസ്ഥാനത്ത് അനുവദിച്ചുകഴിഞ്ഞു. പുതിയ കോടതികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | കേരള ഹൈക്കോടതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ